പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4678 — 14.11.2019-ൽ മറുപടിക്ക്

## സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ടം

| ചോദ്യം<br>ശ്രീ.അനിൽ അക്കര | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ലോകബാങ്കിന്റെ ധനസഹായത്തോടെ സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും അതിൽ ലോകബാങ്കിന്റെയും സംസ്ഥാന സർക്കാരിന്റെയും വിഹിതം എത്ര ശതമാനം വീതമാണ് എന്നും വ്യക്തമാക്കുമോ; | (ബി) കെ.എസ്.റ്റി.പി രണ്ടാം ഘട്ടം പദ്ധതിക്കായി മൊത്തം 2403 കോടി രൂപയാണ് വകയിരുത്തിയിട്ടുളളത്. ഇതിൽ 56% ലോകബാങ്കും 44% സംസ്ഥാന സർക്കാരും എന്ന രീതിയിലാണ് പദ്ധതി വിഹിതം ക്രമീകരിച്ചിരിക്കുന്നത്. |
| (സി) | രണ്ടാം ഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാക്കേജുകൾ ഏതൊക്കെയാണ്; അറിയിക്കാമോ; | (സി) കെ.എസ്.റ്റി.പി രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളള പാക്കേജുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ലോകബാങ്ക് പദ്ധതിയുടെ ലോൺ കാലാവധി നീട്ടിയിട്ടുണ്ടോ; എങ്കിൽ എന്നു വരെ എന്നും വ്യക്തമാക്കുമോ? | (ഡി) ലോകബാങ്ക് പദ്ധതിയുടെ ലോൺ കാലാവധി 30/04/2021 വരെ നീട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പാക്കേജ് നം. | റോഡിന്റെ പേരും ദൈർഘ്യവും | കരാർ തുക (കോടി രൂപ) | റിമാർക്സ് |
|---|---|---|---|
| UG-1 | കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ) | 133.05 | പണി പൂർത്തീകരിച്ചു |
| UG-2 | പിലാത്തറ – പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ.) | 118.29 | പണി പൂർത്തീകരിച്ചു |
| UG-4 | ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (45.40 കി.മീ) | 293.58 | പണി പൂർത്തീകരിച്ചു |
| UG-5 | ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് (40.96 കി.മീ) | 171.49 | പണി പൂർത്തീകരിച്ചു |
| UG-6 | പൊൻകുന്നം - തൊടുപുഴ റോഡ് (50 കി.മീ) | 227.13 | പണി പൂർത്തീകരിച്ചു |
| UG-7 | പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡ് (41 കി.മീ) | 8.11 | പണി പൂർത്തീകരിച്ചു |
| UG-3A | തലശ്ശേരി - കളറോഡ് (28.80 കി.മീ) | 156.34 | പണി പുരോഗമിക്കുന്നു. |
| | | | |
| UG-3B | കളറോഡ് - വളവുപാറ റോഡ് (25.20 കി.മീ) | 209.68 | പണി പുരോഗമിക്കുന്നു. |
| UG-4A | തിരുവല്ല ബൈപ്പാസ് (2.3 കി.മീ) | 31.80 | പണി പുരോഗമിക്കുന്നു. |
| UG-4B | തിരുവല്ല ടൗൺ (1.90 കി.മീ) | 7.77 | പണി പുരോഗമിക്കുന്നു. |
| UG-8 | പുനലൂർ - പൊൻകുന്നം റോഡ് EPC മാതൃകയിൽ (82 കി.മീ) | 728 (എസ്റ്റിമേറ്റ് തുക) | രണ്ട് റീച്ച് എഗ്രിമെന്റ് വെച്ച് പ്രവൃത്തികൾ ആരംഭിച്ചു. പുനലൂർ - കോന്നി റോഡിന്റെ എഗ്രിമെന്റ് വെയ്ക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| | സേഫ് കോറി ഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി - കഴക്കൂട്ടം -തൈക്കോട് - അടൂർ റോഡിന്റെ ബി.സി ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും (80. കി.മീ.) | 146.63 | പണി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ